(ഡി) സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ എണ്ണമെത്രയാണ് ;

(ഇ) ഈ തുക ചെലവഴിക്കുമ്പോൾ പട്ടികജാതിക്കാർക്ക് ആളോഹരി എന്തു തുകയുടെ പ്രയോജനം വീതം ലഭിക്കണം ;

(എഫ്) ആളോഹരി ഇത്രയും തുകയുടെ പ്രയോജനം ലഭിച്ചുവെന്നുറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പട്ടികജാതി വികസനത്തിന് റവന്യൂ വിഭാഗത്തിൽ പദ്ധതിയിനത്തിൽ 16201.50 ലക്ഷം രൂപയും പദ്ധതി ഇതരയിനത്തിൽ 5953.53 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ മൂലധനവിഭാഗത്തിൽ പദ്ധതി ഇനത്തിൽ 3361.05 ലക്ഷം രൂപയും വായ്പാ വിഭാഗത്തിൽ പദ്ധതിയിതര ഇനത്തിൽ 6.06 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികാജാതിക്കാരുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) എല്ലാവർക്കും ലഭിക്കത്തക്ക വിധമാണ് നടപ്പിലാക്കുന്നത്.

(ഡി) 23,86,522 (1991-ലെ കനേഷുമാരി)

(ഇ) പട്ടികജാതി വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ജനസംഖ്യാനുപാതികമായി വിതരണം ചെയ്യുന്ന വിധത്തിലുള്ള പദ്ധതികളല്ല ആസൂത്രണം ചെയ്തിട്ടുള്ളത്. വികസന പ്രവർത്തനങ്ങൾ രണ്ടു വിധത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്ന പദ്ധതികൾ പൊതുവായി എല്ലാ പട്ടികജാതിക്കാർക്കും ഗുണപ്രദമാകും വിധത്തിലുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളുമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

(എഫ്) വികസന പദ്ധതികളുടെ ഗുണഫലം വ്യക്തിഗതമായും പൊതുവായും സംസ്ഥാനത്തെ എല്ലാ പട്ടികജാതിക്കാർക്കും ലഭ്യമാകുന്നു എന്നുറപ്പു വരുത്താൻ ഒരു ഇവാല്യൂവേഷൻ നടത്തുന്നുണ്ട്.

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകാനുള്ള പോക്കറ്റ് മണി കുടിശ്ശിക

145 (2424) ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയായി എന്ത് തുക വീതം കൊടുക്കുന്നുവെന്നും അതിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക ആണുള്ളത് ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എറണാകുളത്തെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് 2003 ജൂൺ 10-ാം തീയതിയിലെ കണക്കനുസരിച്ച് എത്രമാസത്തെ കുടിശ്ശിക ഈയിനത്തിൽ നൽകാനുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് 45 രൂപ വീതവും പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് കോഴ്സുകൾ അനുസരിച്ച് 65 രൂപ മുതൽ 80 രൂപവരെയും പോക്കറ്റ്മണിയായി നൽകിവരുന്നു. പോക്കറ്റ്മണി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ കുടിശ്ശികയുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ ഇപ്പോൾ കുടിശ്ശികയില്ല.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ മൂന്ന് മാസത്തെ കുടിശ്ശികയുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിലെ അന്തേവാസികൾക്ക് 2003 ജൂൺ മാസം 10-ാം തീയതിയിലെ കണക്കനുസരിച്ച് ഫെബ്രുവരി 2003 മുതൽ മേയ് 2003 വരെ നാലുമാസത്തെ പോക്കറ്റ്മണി കുടിശ്ശികയുണ്ടായിരുന്നു. ആയത് ഇപ്പോൾ കൊടുത്തു തീർത്തു കഴിഞ്ഞു.

ആദിവാസികളെപ്പറ്റിയുള്ള പഠനം

146 (2425) ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കോളനികളിൽ താമസിക്കുന്ന ആദിവാസികളെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവരുടെ എണ്ണം പൊതുവേ കുറഞ്ഞുവരുന്നുണ്ടോ എന്നും അവരിൽ വന്ധ്യത കൂടുതലായി കണ്ടുവരുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) അവർ മദ്യപാനത്തിന് അടിമകളാണോ ;

(ഡി) കുഷ്ഠം, ക്ഷയം, അനീമിയ മുതലായ രോഗങ്ങൾ പിടിപ്പെട്ടവരുടെ എണ്ണം ഇവർക്കിടയിൽ താരതമ്യേന കൂടുതലാണോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly